

ചർച്ച തുടരുന്നു...



**ആസക്തികൾ ഒഴിവാക്കുന്നതിലൂടെയാണ് മനുഷ്യന് സ്വാതന്ത്ര്യം നേടാൻ കഴിയുന്നതെന്നും വ്യക്തി കരുത്ത് നേടുന്നത് പ്രപഞ്ചമെന്ന, ചുറ്റും നിറഞ്ഞുനിൽക്കുന്ന ശക്തിസാഗരത്തിലേക്ക് നമ്മെ ബന്ധപ്പെടുത്തുമ്പോഴാണെന്നും**

**സി.പി. ഗംഗാധരൻ**

# ഗാന്ധിദർശനത്തിന്റെ പ്രാപഞ്ചികസത്ത

**ഗാന്ധിയെക്കുറിച്ച്** ഇക്കാലത്ത് പ്രഭാഷണം നടത്തുക പ്രയാസമുള്ള കാര്യമാണ്. കാരണം ഗാന്ധിയെക്കുറിച്ച് ഇന്ന് നടത്തുന്ന പ്രഭാഷണങ്ങളെല്ലാം ആധുനിക ലോകത്ത് അദ്ദേഹത്തിന്റെ ദർശനങ്ങൾ എങ്ങനെ പ്രായോഗികമാക്കാം എന്ന ആലോചനകളാണ് നടത്താറുള്ളത്. ആ കാഴ്ചപ്പാടിൽ ഗാന്ധിയെ സമീപിക്കാൻ പ്രയാസമാണ്. കാരണം വേർതിരിച്ച് വ്യക്തമാക്കാൻ പ്രയാസമുള്ള, ഒരുപാട് ഇഴകൾ കൂട്ടിച്ചേർത്ത വഴിയാണ് (ദർശനം എന്ന് പറയാൻ കഴിയില്ല) ഗാന്ധി സൃഷ്ടിച്ചത്. താൻ ഒന്നും പുതിയതായി പറഞ്ഞിട്ടില്ല എന്ന് അദ്ദേഹം പലപ്പോഴും പറയുന്നുണ്ട്. പുതിയൊരു തത്വമോ ദർശനമോ തന്റേതായി അവതരിപ്പിച്ചിട്ടില്ല. ചെയ്ത കാര്യങ്ങളെയും ചെയ്യാൻ പോകുന്ന കാര്യങ്ങളെയും വിശദീകരിക്കുക മാത്രമാണ് താൻ ചെയ്തതെന്നാണ് അദ്ദേഹം പറഞ്ഞത്.

ഗാന്ധിയൻ ദർശനങ്ങളുടെ ബീജം കിടക്കുന്നത് ഹിന്ദ്സ്വരാജിലാണ്. ഇന്ത്യയുടെ വിമോചനത്തിനായി പ്രവർത്തിച്ചിരുന്ന അദ്ദേഹം എങ്ങനെ വിമോചനം സാധ്യമാക്കാം എന്ന കാഴ്ചപ്പാട് ഹിന്ദ്സ്വരാജിൽ വ്യക്തമായി അവതരിപ്പിച്ചിട്ടുണ്ട്. അതുവരെയുള്ള ലോകചരിത്രത്തിൽ വിമോചനമെന്നത് ഹിംസാത്മകമായ പരിപാടികളായിരുന്നു. സ്വാതന്ത്ര്യം എന്നത് ആരോ തടസ്സപ്പെടുത്തിയിരിക്കുകയാണെന്നും ആ ശത്രുവിനെ മറികടന്ന് വേണം സ്വാതന്ത്ര്യം നേടിയെടുക്കേണ്ടതെന്നുമുള്ള ചിന്ത അക്കാലത്ത് പ്രബലമായിരുന്നു. ശത്രുവിനെ മറികടക്കാതെ വിമോചനം സാധ്യമല്ലെന്ന് ലോകം വിശ്വസിച്ചിരുന്നു. ഈ സങ്കൽപ്പം ഗാന്ധിയൻ ദർശനത്തിലില്ല. ഗാന്ധിയൻ ദർശനത്തിൽ ശത്രുവില്ല. പരമമായ സ്വാതന്ത്ര്യം സ്വരാജ് ആണെന്നാണ് അദ്ദേഹം പറഞ്ഞത്. സ്വരാജിലേക്കുള്ള വഴി സമാധാനത്തിന്റെ വഴിയാണ്. ഒരു വ്യക്തിക്കും സ്വരാജ് നേടിത്തരാനാകില്ല. എന്റെ സ്വരാജ് ഞാൻ തന്നെയാണ് നിർമ്മിക്കുന്നത്. ഞാനാണ് എന്നെ സ്വതന്ത്രനാക്കേണ്ടത്. സ്വാതന്ത്ര്യത്തിലേക്കുള്ള പ്രയാണത്തിൽ എന്നെ തടസ്സപ്പെടുത്തുന്നതും ഞാനാണ്. എന്റെ ശാരീരികവും മാനസികവുമായിട്ടുള്ള ദൗർബ്ബല്യങ്ങൾ സ്വാതന്ത്ര്യത്തിൽ നിന്നും എന്നെ തടസ്സപ്പെടുത്തുന്നു. ഈ ദൗർബ്ബല്യങ്ങൾ, അഥവാ അല്പം ആത്മീയ ചുവയുള്ള ഭാഷയിൽ പറഞ്ഞാൽ

കേരളീയം ഗാന്ധിയൻ പ്രത്യേകലക്കത്തിന്റെ പ്രകാശന ചടങ്ങിൽ നടത്തിയ പ്രഭാഷണം

ആസക്തികൾ, ഒഴിവാക്കുന്നതിലൂടെയാണ് മനുഷ്യന് ശക്തി നേടാൻ കഴിയുന്നത്, സ്വതന്ത്രനാകാൻ കഴിയുന്നത്. ആത്മീയശക്തിക്ക് പരിമിതികളുണ്ട്. കാരണം നാം കരുത്ത് നേടുന്നത് പ്രപഞ്ചമെന്ന, ചുറ്റും നിറഞ്ഞുനിൽക്കുന്ന ശക്തിസാഗരത്തിലേക്ക് നമ്മെ ബന്ധപ്പെടുത്തുമ്പോഴാണ്. പ്രാപഞ്ചികമായ ഈ സത്തയാണ് ഗാന്ധിയൻ ദർശനങ്ങളുടെ അടിസ്ഥാനം. സ്വാതന്ത്ര്യം നേടിത്തന്നു എന്ന പ്രയോഗം അസംബന്ധമാണ്. നേടിത്തരാൻ കഴിയുന്നതല്ല സ്വതന്ത്ര്യം.

ഗാന്ധിയുടെ പ്രവർത്തനങ്ങൾ ആ വ്യക്തിയിൽ മാത്രം ഒതുങ്ങുന്നവയായിരുന്നില്ല. ദണ്ഡിയിൽ അദ്ദേഹം ഉപ്പുകുറുക്കിയപ്പോൾ ഇന്ത്യയൊട്ടാകെ അതിന്റെ അലകൾ വ്യാപിച്ചു. തനിക്കുതന്നെ ബോധ്യമുള്ള ആത്മീയപ്രഭാവത്തിന്റെ തരംഗങ്ങളിലൂടെയാണ് അദ്ദേഹത്തിന് ഇത് സാധിച്ചിരുന്നത്. ഹിന്ദ്സ്വരാജിൽ അദ്ദേഹം പറയുന്നു, "സമുദ്രത്തിന്റെ ചെറിയൊരു ഭാഗം മാത്രമെ മലിനമായിട്ടുള്ളൂ. ശുദ്ധീകരണം എളുപ്പമാണ്. നിങ്ങൾക്കും എനിക്കും ശുദ്ധീകരണ പ്രക്രിയ ഇപ്പോൾ തുടങ്ങാം. ആത്മശുദ്ധീകരണത്തിലൂടെ." മലിനീകരണത്തെ ഇന്ന് പരിസ്ഥിതി മലിനീകരണമെന്നാണ് നാം വിളിക്കുന്നത്. പക്ഷെ ഗാന്ധി അതിന് നൽകിയ പേര് പരിഷ്കാര മലിനീകരണമെന്നാണ്. ഇന്ത്യയുടെ സംസ്കാരത്തെ മലിനീകരിച്ചുകൊണ്ടാണ് പാശ്ചാത്യർ ഇവിടെ ആധിപത്യം സ്ഥാപിച്ചത്. ആ പാശ്ചാത്യ പരിഷ്കാരത്തെ തിരസ്കരിക്കുന്നതിലൂടെയാണ് നാം സ്വാതന്ത്ര്യം നേടേണ്ടത്. ആത്മശുദ്ധീകരണം അത്യധികം സാംക്രമികമാണെന്നും അത് പരിസര ശുദ്ധീകരണമായി പടരുമെന്നും ഗാന്ധി പറയുന്നുണ്ട്.

പരിസരമലിനീകരണത്തിന് മുന്നിൽ മാനവരാശി ഇന്ന് വഴിമുട്ടി നിൽക്കുകയാണ്. ജീവൻ നിലനിർത്താൻ ആവശ്യമായ അടിസ്ഥാന വിഭവങ്ങളെല്ലാം മലിനമായിക്കൊണ്ടിരിക്കുന്നു. ശുദ്ധവായുവില്ല, ശുദ്ധജലമില്ല, നല്ല ബന്ധങ്ങളില്ല. നടന്ന വഴി തെറ്റിപ്പോയിരിക്കുന്നു എന്നൊരു വിഹ്വലത വ്യാപകമായിരിക്കുന്നു. ഇവിടെയാണ് ഗാന്ധി പുനർജനിക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്. നിങ്ങൾ സ്വയം ശുദ്ധീകരിക്കൂ, നിങ്ങളുടെ വീട്, പരിസരം, രാജ്യം ശുദ്ധീകരിക്കപ്പെടും. അതല്ലാതെ മറ്റ് പരിഹാരങ്ങളില്ല.

**മലിനീകരണത്തെ ഇന്ന് പരിസ്ഥിതി മലിനീകരണമെന്നാണ് നാം വിളിക്കുന്നത്. പക്ഷെ ഗാന്ധി അതിന് നൽകിയ പേര് പരിഷ്കാര മലിനീകരണമെന്നാണ്. ഇന്ത്യയുടെ സംസ്കാരത്തെ മലിനീകരിച്ചുകൊണ്ടാണ് പാശ്ചാത്യർ ഇവിടെ ആധിപത്യം സ്ഥാപിച്ചത്**

നഗരമുണ്ടാക്കുന്ന മാലിന്യങ്ങൾ ഇന്ന് എല്ലായിടത്തും പ്രശ്നമാണ്. മാലിന്യനിർമ്മാണം ഇന്ന് വലിയൊരു വ്യവസായമാണ്. എല്ലാ തലങ്ങളിലും മാലിന്യങ്ങൾ നിരന്തരം സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അതുമായി ബന്ധപ്പെടാതെ ജീവിക്കാൻ കഴിയില്ല എന്ന അവസ്ഥ സംജാതമായിരിക്കുന്നു. മാലിന്യ നിർമ്മിതിക്ക് എന്താണ് പരിഹാരം എന്ന് ആലോചിക്കാതെ മാലിന്യനിർമ്മാർജ്ജനം എന്ന പരിഹാരവുമായിട്ടാണ് നാം മുന്നോട്ട് പോകുന്നത്. മാലിന്യപ്രശ്നത്തിന്റെ ഒരു ഭാഗം മാത്രമാണ് മലിനീകരണം. ഭൗതികവും അഭൗതികവുമായ ഒരുപാട് കാര്യങ്ങൾ മാലിന്യപ്രശ്നത്തിന്റെ പിന്നിലുണ്ട്. നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന അക്രമവും അനാശാസ്യ പ്രവണതകളും അഴിമതിയുമെല്ലാം മാലിന്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ഒന്ന് അകത്തെ മാലിന്യമാണെങ്കിൽ മറ്റേത് പുറത്തെ മാലിന്യമാണ് എന്ന വ്യത്യാസം മാത്രം. ഒരു പ്രശ്നത്തെ പലതായി കാണുകയും അപഗ്രഥിക്കുകയും പലതട്ടുകളിൽ അതിന് പരിഹാരം കാണുകയും ചെയ്യുന്ന പരിപാടിയാണ് ഇന്നുള്ളത്. അത് ഒരിക്കലും ഫലം കാണുന്നില്ല. ഓരോ രോഗത്തിനും ഓരോ തരത്തിലുള്ള പരിഹാരം കണ്ടെത്തി, മൊത്തത്തിലുള്ള വ്യവസ്ഥയെ മനുഷ്യൻ അപകടപ്പെടുത്തുന്നു. ഒരു രോഗത്തെ പരിഹരിക്കുന്നതിനായി ചികിത്സ നടത്തുകയും മറ്റൊരു രോഗത്തെ ഏറ്റെടുക്കുകയും ചെയ്യുന്ന പരിപാടിയാണ് ഇന്നുള്ളത്. ശരീരത്തെ ഒരു സമഗ്രസത്തയായി കണ്ട്, അതിന്റെ തകരാറെന്താണെന്ന് മനസ്സിലാക്കി, മനുഷ്യന്റെ സമഗ്രമായ പ്രശ്നത്തെ പരിഹരിക്കാൻ ആധുനിക വൈദ്യശാസ്ത്രത്തിന് കഴിയുന്നില്ല. സമഗ്രവീക്ഷണത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ് ഗാന്ധിയൻ ദർശനം എന്നതാണ് അതിന്റെ കരുത്ത്.

അക്കാലത്ത് നിലനിന്നിരുന്ന ഒരുപാട് അനീതികളിലൂടെയും അനിഷ്ടങ്ങളിലൂടെയും അദ്ദേഹം കടന്നുപോയിട്ടുണ്ട്. ഗാന്ധിയുടെ ദർശനം സൂക്ഷ്മമായ സത്യത്തെ, സമഗ്രമായ അസ്തിത്വ യാഥാർത്ഥ്യത്തെ കണക്കിലെടുത്തുകൊണ്ടുതന്നെ അവതരിപ്പിക്കപ്പെട്ടതാണ്. ആവശ്യങ്ങളെ നിർണ്ണയിക്കുകയും ആർത്തിയെ ഒഴിവാക്കുകയും ചെയ്തുകൊണ്ടാവണം ഗാന്ധിയൻ ദർശനങ്ങളെ സ്വീകരിക്കേണ്ടത്. ആസക്തികൾ കൂടിക്കൂടി വരുന്ന കാലമാണിത്. വിഭവങ്ങളെല്ലാം അസമമായാണ് ഉപയോഗിക്കപ്പെടുന്നത്. അതാണ് അക്രമത്തിന് സ്വാഭാവികമായും കാരണമായിത്തീരുന്നത്. ഈ അക്രമത്തെ കൈകാര്യം ചെയ്യാൻ ശ്രമിക്കുന്നതിലൂടെ നിങ്ങൾ അതിക്രമം കൂടി ഉത്പാദിപ്പിക്കുന്നു. വിഭവങ്ങൾ ഉപയോഗിക്കുന്നതിനുള്ള അധികാരവും സ്വാതന്ത്ര്യവും വ്യക്തികൾക്ക് നൽകണം. മൂല്യങ്ങൾ സംരക്ഷിക്കുന്നത് വ്യക്തികളാണ്. വ്യക്തികൾ എന്നത് ചിതറിക്കിടക്കുന്ന ഒറ്റകളാണ്. ജീവൻ എവിടെയുണ്ടോ ആ ജീവൻ ഈ പ്രപഞ്ചം മുഴുവൻ പരന്നുകിടക്കുന്ന ഒരു മഹാചൈതന്യത്തിന്റെ അംശമാണ്. ആ യാഥാർത്ഥ്യത്തിലേക്ക് ആധുനിക സമൂഹങ്ങളെ ഉണർത്താൻ നമുക്ക് എന്ത് ചെയ്യാൻ കഴിയും എന്ന ചർച്ചയാണ് നടക്കേണ്ടത്.

## ഗാന്ധിയൻ ലക്കം പ്രകാശനവും സംവാദവും

കേരളീയം ഗാന്ധിയൻ ലക്കത്തിന്റെ (മാർച്ച് 2012) പ്രകാശനവും സംവാദവും ഏപ്രിൽ ഒന്ന് ശനിയാഴ്ച കണ്ണൂർ മഹാത്മാ മന്ദിരത്തിൽ വച്ച് നടന്നു. **'വികേന്ദ്രീകരണം ഗാന്ധിയൻ കാഴ്ചപ്പാടിൽ'** എന്ന വിഷയത്തിൽ നടന്ന സംവാദത്തിൽ സി.പി. ഗംഗാധരൻ, കണ്ണൂർ സർവ്വകലാശാല വൈസ്ചാൻസ്‌ലർ ഡോ. പി.കെ. മൈക്കിൾ തരകൻ, ഡോ. എം. ഗംഗാധരൻ, കെ.പി.എ. റഹീം, ആശാ ഹരി, ശ്രീജിത്ത് പൈതലേൻ, എ.കെ. സുരേഷൻ, സണ്ണി പൈകട തുടങ്ങിയവർ സംസാരിച്ചു. പ്രത്യേകലക്കം ഡോ. പി.കെ. മൈക്കിൾ തരകൻ ഡോ. ഇ. ഉണ്ണികൃഷ്ണന് നൽകി പ്രകാശനം ചെയ്തു.